# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.222 15.07.2016-ൽ മറുപടിയ്ക്ക്

### ജലസേചന പദ്ധതികളുടെ നവീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അബ്ദുൽ ഹമീദ് പി.<br>ശ്രീ. പി.ബി. അബ്ദുൽ റസ്സാക്ക്<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.മഞ്ഞളാംകുഴി അലി : | മാത്യു. ടി. തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ. സംസ്ഥാനത്ത് നിലവിലുള്ള വൻകിട ജലസേചന ശുദ്ധജല വിതരണ പദ്ധതികളുടെ കാലപ്പഴക്കം കണക്കിലെടുത്ത് അവ നവീകരിക്കുന്നതിനോ, അറ്റകുറ്റപ്പണികൾ നടത്തി സംരക്ഷിക്കുന്നതിനോ പദ്ധതി നിലവിലുണ്ടോ; | എ ഉണ്ട്. |
| ബി. എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഏതൊക്കെ പദ്ധതികളുടെ നവീകരണം/ മേജർ അറ്റകുറ്റപ്പണി നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ; | ബി ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം അവതരിപ്പിച്ച ബജറ്റിൽ പഴയ പൈപ്പുകൾ, പമ്പ് സെറ്റുകൾ തുടങ്ങിയവ മാറ്റി സ്ഥാപിക്കുന്ന തിനുമായി 665 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. കൊച്ചി നഗരത്തിൽ 24x7 വാട്ടർ സപ്ലൈ നടപ്പിലാക്കാനായി 500 കോടി രൂപയും പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>നിലവിൽ അണക്കെട്ടുകളുടെ കാലപ്പഴക്കം കണക്കിലെടുത്ത് അവ നവീകരിക്കുന്നതിനും, അറ്റകുറ്റപ്പണികൾ നടത്തി സംരക്ഷിക്കുന്നതിനും ലോകബാങ്ക് സഹായത്തോടെ 'Drip-Dam Rehabilitation and Improvement Project' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. |

ടി പദ്ധതിയിൽ 16 ഡാമുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ആവശ്യമായ അറ്റകുറ്റപ്പണികൾ നടപ്പിലാക്കി അവയെ സംരക്ഷിക്കുവാനുള്ള പണികളാണ് നടന്നു വരുന്നത്.

| | |
|---|---|
| സി. റിസർവോയറുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കാൻ ഏതെങ്കിലും പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | സി റിസർവോയറുകളുടെ സംഭരണശേഷി നില നിർത്താനാവശ്യമായ നടപടികൾ ജലസേചന വകുപ്പ് സ്വീകരിച്ചു വരുന്നു. റിസർവോയറുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കാൻ മലമ്പുഴ ഡാമിൽ ഭാഗികമായി desilting നടത്തിയിട്ടുണ്ട്. മറ്റു ഡാമുകളുടെ desilting നടത്താൻ പഠനങ്ങൾ നടത്തിയിട്ടുണ്ട്. മംഗലം ഡാം, മീങ്കര (Meenkara), ചുള്ളിയാർ (Chulliar) തുടങ്ങിയവ യിൽ പഠനങ്ങൾ നടന്നു. |

സെക്ഷൻ ഓഫീസർ